**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1810** **11-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | 2024-25 ലെ പദ്ധതി വിഹിതമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസ്സുകൾ, ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ വിവിധ ശ്രേണികളിൽപ്പെട്ട ബസ്സുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു.<br><br>പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി ആരംഭിച്ച യാത്രാ ഫ്യൂവൽസ് പദ്ധതിയിൽ പെരുമ്പാവൂരിൽ ഒരു ഔട്ട്‌ലെറ്റ് ഉടനെ ഉദ്ഘാടനം നടത്തുന്നതാണ്.<br><br>ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് ആരംഭിച്ച പദ്ധതികളായ മൂന്നാറിലെ സ്ലീപ്പർ ഇൻ ബസ്സ്, ടൂർ പാക്കേജുകൾ, ല്യൂബ്രിക്കന്റുകൾ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, വാണിജ്യ സമുച്ചയങ്ങളിലെ കടകൾ വാടകയ്ക്ക് നൽകുക, സമുദ്ര ബസ് പദ്ധതി തുടങ്ങിയവ നല്ല രീതിയിൽ നടപ്പിലാക്കി വരുന്നു.<br><br>കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ കുറഞ്ഞ ചെലവിൽ ഗുണമേൻമയേറിയ ഡ്രൈവിംഗ് ലൈസൻസുകൾ നൽകി അപകട രഹിത ഡ്രൈവിംഗ് സംസ്കാരം രൂപപ്പെടുത്തുന്നതിനും, ഡ്രൈവർമാരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി സർക്കാരിന്റെ നൂതന നയപരിപാടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഡ്രൈവിംഗ് സ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ പാറശ്ശാല, ചാത്തന്നൂർ, മാവേലിക്കര (റീജിയണൽ വർക്ക്ഷോപ്പ്), ചിറ്റൂർ, ചാലക്കുടി, എടപ്പാൾ (റീജിയണൽ വർക്ക്ഷോപ്പ്), മാനന്തവാടി, വിതുര എന്നീ യൂണിറ്റുകളിൽ കൂടി |

ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

ഡ്രൈവിംഗ് പരിശീലിക്കുന്ന വിദ്യാർത്ഥികൾക്കായി സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, ഡെമോൺസ്ട്രേഷൻ ഹാൾ, സിമുലേറ്റർ എന്നീ സൗകര്യങ്ങൾ ഡ്രൈവിംഗ് സ്കൂളുകളിൽ സജ്ജമാക്കി വരുന്നു. കൂടാതെ പരിശീലനം നേടുന്നവർക്കായി കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ സന്ദർശനത്തിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വർക്ക്ഷോപ്പ് സന്ദർശനത്തിലൂടെ വാഹനത്തിന്റെ എല്ലാ പ്രധാന ഭാഗങ്ങളുടേയും പ്രവർത്തന രീതികൾ നേരിൽ കണ്ട് വിശദമായി മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിന്റെയും, പോലീസ് വകുപ്പിന്റെയും ട്രാഫിക് നിയമ ബോധവത്ക്കരണ ക്ലാസ്സുകൾ ആരോഗ്യ വകുപ്പിന്റെ ഫസ്റ്റ് എയ്ഡ് ബോധവത്ക്കരണ ക്ലാസുകൾ എന്നിവയും നൽകി വരുന്നു.

നിലവിൽ 208 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ആദ്യഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കി ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരായ 37 പേരിൽ 30 പേർ വിജയിച്ച് (വിജയശതമാനം 81%) ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്.

സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കു മാത്രമായി 20% ഫീസിളവ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ 424-മത് ഭരണസമിതി യോഗം തീരുമാനമെടുത്ത് തുടർ നടപടി സ്വീകരിച്ചു വരുന്നു.

<u>സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി. ബസ്സുകൾ</u>

നിലവിൽ ഓപ്പറേറ്റ് ചെയ്തുവരുന്ന ഫാസ്റ്റ് പാസഞ്ചർ സൂപ്പർ ഫാസ്റ്റ് ബസ്സുകളും പ്രീമിയം എ.സി. ബസുകളും കാലപഴക്കത്താൽ സ്ഥിരമായി സർവീസ് നടത്താൻ കഴിയുന്നില്ല. നിലവിലെ എ.സി. ബസ്സുകൾക്ക് ചെലവ് കൂടുതലാണെങ്കിലും യാത്രക്കാരുടെ സ്വീകാര്യത വളരെ ഉയർന്നതാണ്. ആയതിനാൽ ഇപ്പോൾ സർവീസ് നടത്തിവരുന്ന പഴയ സൂപ്പർ ഫാസ്റ്റ് ബസുകൾ, ലോ ഫ്ളോർ AC ബസ്സുകൾ എന്നിവയ്ക്ക് പകരമായി സാധാരണ ജനങ്ങൾക്ക് കൂടി ഗുണകരമായ നിലയിൽ ചെലവ് കുറഞ്ഞ നാല് സിലിണ്ടർ എഞ്ചിനുള്ള ഡീസൽ മൈലേജ് കൂടിയതും താരതമ്യേന വില കുറഞ്ഞതുമായ എ.സി. ബസുകൾ ലഭ്യമാക്കി സർവീസ് നടത്തുവാനാണ് പദ്ധതി. ഇത്തരത്തിൽ ചെലവ് കുറയ്ക്കുന്നതിലൂടെ ലഭിക്കുന്ന ആനുകൂല്യം ജനങ്ങൾക്ക് കൂടി നൽകി ലോ ഫ്ളോർ

എ.സി. ബസ്സുകളേക്കാൾ കൂടിയതും കുറഞ്ഞ നിരക്കിലും സൂപ്പർ ഫാസ്റ്റ് പാസഞ്ചർ നോൺ എ.സി. ബസ്സുകളേക്കാൾ കൂടിയതും ട്രെയിൻ നിരക്കുകളുമായി താദാത്മ്യം ഉള്ളതുമായ ആകർഷകമായ നിരക്കിൽ സ്റ്റോപ്പുകൾ കുറഞ്ഞതും എന്നാൽ യാത്രക്കാർക്ക് ബസിൽ ആധുനിക സൗകര്യങ്ങളും പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റവും മൊബൈൽ ആപ്പ് വഴി മുൻകൂട്ടി റിസർവ് ചെയ്ത ദീർഘദൂര യാത്രക്കാർക്ക് എവിടെ നിന്നും നാമമാത്രമായ കൺവീനിയൻസ് ചാർജ് നൽകി കയറുവാനുമുള്ള സംവിധാനങ്ങളോടെ ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പൈലറ്റ് പദ്ധതി വിജയകരമായി പൂർത്തിയായിട്ടുണ്ട്. ഇതിനായി പത്ത് പുതിയ ബസ്സുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

<u>വർക്ക്ഷോപ്പ് പ്രോഡക്ടിവിറ്റി</u>

സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകളുടെ പ്രൊഡക്ഷൻ വർദ്ധിപ്പിച്ച് ഓഫ്റോഡ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ആയതിന്റെ ഭാഗമായി വർക്ക്ഷോപ്പുകൾ നവീകരിക്കുന്നതിനായി സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആദ്യ ഘട്ടത്തിൽ സെൻട്രൽ വർക്ക്ഷോപ്പിലെ എഞ്ചിൻ പ്രൊഡക്ഷൻ സെന്ററിൽ ശീതീകരണ സംവിധാനവും, ആധുനിക ടൂൾസ് & എക്യുപ്മെന്റ് ലഭ്യമാക്കി കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ബസ് സ്റ്റേഷനുകളുടെ നവീകരണം</u>

കെ.എസ്.ആർ.ടി.സി.യുടെ വിവിധ ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സൗകര്യങ്ങളും, സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് Ladies and Family Waiting ഏരിയ കെ.എസ്.ആർ.ടി.സി.യ്ക്ക് യാതൊരു അധിക ചെലവും ഇല്ലാതെ CSR ഫണ്ട് വിനിയോഗിച്ച് VIVO എന്ന കമ്പനി സ്പോൺസർ ചെയ്ത് KSRTC തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട് ഡിപ്പോകളിൽ പ്രവർത്തനം ആരംഭിച്ചു. അങ്കമാലി യൂണിറ്റിലും ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതേ മാതൃകയിൽ പദ്ധതി കഴിയുന്നത്ര എല്ലാ യൂണിറ്റുകളിലും നടപ്പിലാക്കുന്നതിനാണ് ആലോചിക്കുന്നത്.

<u>ഡെസ്റ്റിനേഷൻ നമ്പറിംഗ്</u>

ഭാഷ അറിയാത്ത യാത്രക്കാർക്ക് ബോർഡുകൾ വായിച്ച് മനസ്സിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ഭാഷാ പ്രശ്നമില്ലാതെ അയൽ സംസ്ഥാന യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയുന്ന തരത്തിൽ ഡെസ്റ്റിനേഷൻ ബോർഡുകളിൽ സ്ഥലനാമ (ഡെസ്റ്റിനേഷൻ) നമ്പർ ഉൾപ്പെടുത്തുവാനും ഇവ പൊതുജനങ്ങൾക്ക് എളുപ്പത്തിലും വ്യക്തമായും വായിച്ച് മനസിലാക്കുവാൻ കഴിയുന്ന വിധം ഡെസ്റ്റിനേഷൽ ബോർഡുകൾ പുതുക്കി നൽകുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>യുണീക്ക് ഷെഡ്യൂൾ നമ്പർ</u>

കെ.എസ്.ആർ.ടി.സി.യിലെ എല്ലാ ഷെഡ്യൂളുകൾക്കും പ്രത്യേകമായി നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ കേന്ദ്രീകൃത സംവിധാനത്തിലൂടെ കെ.എസ്.ആർ.ടി.സി. യുടെ ഓരോ ഷെഡ്യൂളുകൾക്കും പ്രത്യേകം പ്രത്യേകം തിരിച്ചറിയുവാൻ കഴിയുന്ന "യുണീക്ക് ഷെഡ്യൂൾ നമ്പർ" നല്കുന്നതിനും ഇതിലൂടെ നൂതന ഇ.റ്റി.എം സംവിധാനം ഉപയോഗപ്പെടുത്തി ഡാറ്റ പ്രോസസിംഗ്, വിവരം ശേഖരണം എന്നിവ കുറ്റമറ്റതാക്കുന്നതിനും കഴിയും.

<u>ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് സൊല്യൂഷൻ</u>

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിംഗ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് മെഷീനുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും. ബസുകളുടെ തൽസമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും.

<u>സമ്പൂർണ്ണ.ഇ.ആർ.പി. സോഫ്റ്റ്‌വെയർ സംവിധാനം</u>

സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിലൂടെ കോർപ്പറേഷനിൽ കൂടുതൽ കാര്യക്ഷമതയും ഉത്തരവാദിത്തവും സുതാര്യതയും കൈവരിക്കാനാകും.

ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കാനും വിവിധ തലങ്ങളിൽ സൂപ്പർവൈസറി ഓഫീസർമാരുടെ ശരിയായ നിരീക്ഷണ സംവിധാനം വിവിധ തലങ്ങളിൽ നടപ്പിലാക്കാനും കഴിയും.

ഫ്ലീറ്റ്, ഇൻവെന്ററി, മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം.

മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരെ ബസ് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ട്രാക്ക് സൂക്ഷിക്കാൻ സഹായിക്കും.

മതിയായ പ്രതിരോധ അറ്റകുറ്റപ്പണികളും അറ്റകുറ്റപ്പണികളുടെ ശരിയായ റെക്കോർഡും ഇത് ഉറപ്പാക്കും.

ഈ സിസ്റ്റം നടപ്പിലാക്കുമ്പോൾ ബസ്സ് പാർട്സുകളുടെ കൃത്യമായ വിതരണം ഓൺലൈൻ ആയി തന്നെ നടത്തുവാനും നിരീക്ഷിക്കാനും സാധിക്കും.

ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ഊട്ടി, മൈസൂർ, ധനുഷ്കോടി, കോടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർ സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ ആരംഭിക്കുന്നനതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

IRCTCയുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നു വരുന്നു.

"കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ്/ ഹോം സ്റ്റേ/ ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിയ്ക്കും അന്തിമ രൂപം നൽകി വരുന്നു.

"കെ.എസ്.ആർ.ടി.സി റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/ റെസ്റ്റോറന്റ് ശൃംഖലകൾ വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം

2024 മേയ് മാസം മുതൽ ആരംഭിച്ചു. സമാന രീതിയിൽ ബി.ടി.സി യ്ക്കായി ഒരു ടൂറിസം വെബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>സി.സി.ടി.വി.</u>

തിരുവനന്തപുരം സെൻട്രൽ, എറണാകുളം, കോഴിക്കോട്, മൂന്നാർ എന്നീ ബസ്സ് ഡിപ്പോകളിലും 14 യാത്രാ ഫ്യുവൽസ് ഔട്ട്‌ലെറ്റുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചു നിരീക്ഷിച്ചു വരുന്നു.

<u>കെ.എസ്.ആർ.ടി.സി.യിൽ ആധാർ അടിസ്ഥാനമാക്കിയുള്ള ബയോമെട്രിക് (വിരലടയാളം) അറ്റൻഡൻസ് സിസ്റ്റം.</u>

കെ.എസ്.ആർ.ടി.സി.യുടെ എല്ലാ യൂണിറ്റുകൾ (93), സോണൽ ഓഫീസുകൾ (3), വർക്ക്ഷോപ്പുകൾ (5) ടി പദ്ധതി നടപ്പിലാക്കി കഴിഞ്ഞു.

ശമ്പളം കണക്കാക്കുന്നതിനുള്ള SPARK ആപ്ലിക്കേഷനുമായി ഇത് സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

<u>റെന്റൽ മാനേജ്മെന്റ് സിസ്റ്റം</u>

കെ.എസ്.ആർ.സി.യുടെ ടിക്കറ്റ് ഇതര വരുമാനം കൈകാര്യം ചെയ്യുന്ന എസ്റ്റേറ്റ് വിഭാഗത്തിലെ എല്ലാവിധ പണം ഇടപാടുകളും ഓൺലൈൻ വഴി അടയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഓൺലൈൻ സംവിധാനം ആയ റെന്റൽ മാനേജ്മെൻറ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ നടപ്പിലാക്കി കഴിഞ്ഞു.

കൊറിയർ സംവിധാനം 47 യൂണിറ്റുകളിൽ നടപ്പിലാക്കി.

കെ.എസ്.ആർ.ടി.സി.യുടെ കേന്ദ്ര ഓഫീസിലും SWIFT ഓഫീസിലും പൂർണ്ണമായും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി.

<u>ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ.</u>

ടോൾ പ്ലാസകളിൽ ഫാസ്ടാഗിന്റെ ഫീസ് അടയ്ക്കുന്നതിനായി മോട്ടോ ഫ്ലീറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി.ക്കായി ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിയത്.

<u>ഓൺലൈൻ കൺസഷൻ സംവിധാനം</u>

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ ഡിപ്പോകളിൽ വരാതെ തന്നെ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറാക്കി നടപ്പിൽ വരുത്തിയിട്ടുണ്ട്. "www.concessionksrtc.com" എന്ന വെബ് സൈറ്റിന്റെ ലിങ്ക് കെ.എസ്.ആർ.ടി.സിയുടെ ഔദ്യോഗിക വെബ് സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമാംവിധം ഓൺലൈൻ വഴി ഇനിമുതൽ കൺസഷന് അപേക്ഷിക്കാവുന്നതാണ്.<br><br>ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റത്തിൽ "ഗ്രൂപ്പ് ടിക്കറ്റ് ഓപ്ഷൻ" മുഖേന നാലോ അതിൽ അധികമോ യാത്രക്കാർ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിങ് ചാർജായ 10 രൂപ മാത്രം നൽകിയാൽ മതിയാകും.<br><br>ചലോ ആപ്പ് വഴി യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ മുൻകൂറായി ടിക്കറ്റ് ബുക്ക് ചെയ്യുവാൻ സാധിക്കും. ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് പോകേണ്ട വിവരങ്ങൾ നൽകിയാൽ ടി റൂട്ടിൽ ഓടുന്ന ബസുകൾ ലിസ്റ്റ് ചെയ്യുകയും ടി ലിസ്റ്റിൽ നിന്നും ഓൺലൈനായി ഡിജിറ്റൽ ടിക്കറ്റ് എടുക്കുവാൻ സാധിക്കും. ടി സംവിധാനം വഴി പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ടിക്കറ്റ് പേപ്പറുകളുടെ ഉപയോഗം കുറയ്ക്കുവാനും സാധിക്കും. |
| (ബി) | അനുവദിക്കപ്പെട്ട പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ? | (ബി) | 2024-25 ലെ പദ്ധതി വിഹിതമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസ്സുകൾ, ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ വിവിധ ശ്രേണികളിൽപ്പെട്ട ബസ്സുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു.<br><br>പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി ആരംഭിച്ച യാത്രാ ഫ്യൂവൽസ് പദ്ധതിയിൽ പെരുമ്പാവൂരിൽ ഒരു ഔട്ട്ലെറ്റ് ഉടനെ ഉദ്ഘാടനം നടത്തുന്നതാണ്.<br><br>ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് ആരംഭിച്ച പദ്ധതികളായ മൂന്നാറിലെ സ്ലീപ്പർ ഇൻ ബസ്സ്, ടൂർ പാക്കേജുകൾ, ല്യൂബ്രിക്കന്റുകൾ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, വാണിജ്യ സമുച്ചയങ്ങളിലെ കടകൾ വാടകയ്ക്ക് നൽകുക, സമുദ്ര ബസ് പദ്ധതി തുടങ്ങിയവ നല്ല രീതിയിൽ നടപ്പിലാക്കി വരുന്നു. |

കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ കുറഞ്ഞ ചെലവിൽ ഗുണമേൻമയേറിയ ഡ്രൈവിംഗ് ലൈസൻസുകൾ നൽകി അപകട രഹിത ഡ്രൈവിംഗ് സംസ്കാരം രൂപപ്പെടുത്തുന്നതിനും, ഡ്രൈവർമാരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി സർക്കാരിന്റെ നൂതന നയപരിപാടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഡ്രൈവിംഗ് സ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ പാറശ്ശാല, ചാത്തന്നൂർ, മാവേലിക്കര (റീജിയണൽ വർക്ക്ഷോപ്പ്), ചിറ്റൂർ, ചാലക്കുടി, എടപ്പാൾ (റീജിയണൽ വർക്ക്ഷോപ്പ്), മാനന്തവാടി, വിതുര എന്നീ യൂണിറ്റുകളിൽ കൂടി ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

ഡ്രൈവിംഗ് പരിശീലിക്കുന്ന വിദ്യാർത്ഥികൾക്കായി സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, ഡെമോൺസ്ട്രേഷൻ ഹാൾ, സിമുലേറ്റർ എന്നീ സൗകര്യങ്ങൾ ഡ്രൈവിംഗ് സ്കൂളുകളിൽ സജ്ജമാക്കി വരുന്നു. കൂടാതെ പരിശീലനം നേടുന്നവർക്കായി കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ സന്ദർശനത്തിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വർക്ക്ഷോപ്പ് സന്ദർശനത്തിലൂടെ വാഹനത്തിന്റെ എല്ലാ പ്രധാന ഭാഗങ്ങളുടേയും പ്രവർത്തന രീതികൾ നേരിൽ കണ്ട് വിശദമായി മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിന്റെയും, പോലീസ് വകുപ്പിന്റെയും ട്രാഫിക് നിയമ ബോധവത്ക്കരണ ക്ലാസ്സുകൾ ആരോഗ്യ വകുപ്പിന്റെ ഫസ്റ്റ് എയ്ഡ് ബോധവത്ക്കരണ ക്ലാസുകൾ എന്നിവയും നൽകി വരുന്നു.

നിലവിൽ 208 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ആദ്യഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കി ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരായ 37 പേരിൽ 30 പേർ വിജയിച്ച് (വിജയശതമാനം 81%) ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്.

സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കു മാത്രമായി 20% ഫീസിളവ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ 424-മത് ഭരണസമിതി യോഗം തീരുമാനമെടുത്ത് തുടർ നടപടി സ്വീകരിച്ചു വരുന്നു.

<u>സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി. ബസ്സുകൾ</u>

നിലവിൽ ഓപ്പറേറ്റ് ചെയ്തുവരുന്ന ഫാസ്റ്റ് പാസഞ്ചർ സൂപ്പർ ഫാസ്റ്റ് ബസ്സുകളും പ്രീമിയം എ.സി. ബസുകളും കാലപഴക്കത്താൽ സ്ഥിരമായി സർവീസ് നടത്താൻ കഴിയുന്നില്ല. നിലവിലെ എ.സി. ബസ്സുകൾക്ക് ചെലവ് കൂടുതലാണെങ്കിലും യാത്രക്കാരുടെ സ്വീകാര്യത വളരെ ഉയർന്നതാണ്. ആയതിനാൽ ഇപ്പോൾ സർവീസ് നടത്തിവരുന്ന പഴയ സൂപ്പർ ഫാസ്റ്റ് ബസുകൾ, ലോ ഫ്ളോർ AC ബസ്സുകൾ എന്നിവയ്ക്ക് പകരമായി സാധാരണ ജനങ്ങൾക്ക് കൂടി ഗുണകരമായ നിലയിൽ ചെലവ് കുറഞ്ഞ നാല് സിലിണ്ടർ എഞ്ചിനുള്ള ഡീസൽ മൈലേജ് കൂടിയതും താരതമ്യേന വില കുറഞ്ഞതുമായ എ.സി. ബസുകൾ ലഭ്യമാക്കി സർവീസ് നടത്തുവാനാണ് പദ്ധതി. ഇത്തരത്തിൽ ചെലവ് കുറയ്ക്കുന്നതിലൂടെ ലഭിക്കുന്ന ആനുകൂല്യം ജനങ്ങൾക്ക് കൂടി നൽകി ലോ ഫ്ളോർ എ.സി. ബസ്സുകളേക്കാൾ കൂടിയതും കുറഞ്ഞ നിരക്കിലും സൂപ്പർ ഫാസ്റ്റ് പാസഞ്ചർ നോൺ എ.സി. ബസ്സുകളേക്കാൾ കൂടിയതും ട്രെയിൻ നിരക്കുകളുമായി താദാത്മ്യം ഉള്ളതുമായ ആകർഷകമായ നിരക്കിൽ സ്റ്റോപ്പുകൾ കുറഞ്ഞതും എന്നാൽ യാത്രക്കാർക്ക് ബസിൽ ആധുനിക സൗകര്യങ്ങളും പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റവും മൊബൈൽ ആപ്പ് വഴി മുൻകൂട്ടി റിസർവ് ചെയ്ത ദീർഘദൂര യാത്രക്കാർക്ക് എവിടെ നിന്നും നാമമാത്രമായ കൺവീനിയൻസ് ചാർജ് നൽകി കയറുവാനുമുള്ള സംവിധാനങ്ങളോടെ ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പൈലറ്റ് പദ്ധതി വിജയകരമായി പൂർത്തിയായിട്ടുണ്ട്. ഇതിനായി പത്ത് പുതിയ ബസ്സുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

<u>വർക്ക്ഷോപ്പ് പ്രോഡക്ടിവിറ്റി</u>

സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകളുടെ പ്രൊഡക്ഷൻ വർദ്ധിപ്പിച്ച് ഓഫ്റോഡ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ആയതിന്റെ ഭാഗമായി വർക്ക്ഷോപ്പുകൾ നവീകരിക്കുന്നതിനായി സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആദ്യ ഘട്ടത്തിൽ സെൻട്രൽ വർക്ക്ഷോപ്പിലെ എഞ്ചിൻ പ്രൊഡക്ഷൻ സെന്ററിൽ ശീതീകരണ സംവിധാനവും, ആധുനിക ടൂൾസ് & എക്യുപ്മെന്റ് ലഭ്യമാക്കി കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ബസ് സ്റ്റേഷനുകളുടെ നവീകരണം</u>

കെ.എസ്.ആർ.ടി.സി.യുടെ വിവിധ ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സൗകര്യങ്ങളും, സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് Ladies and Family Waiting ഏരിയ കെ.എസ്.ആർ.ടി.സി.യ്ക്ക് യാതൊരു അധിക ചെലവും ഇല്ലാതെ CSR ഫണ്ട് വിനിയോഗിച്ച് VIVO എന്ന കമ്പനി സ്പോൺസർ ചെയ്ത് KSRTC തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട് ഡിപ്പോകളിൽ പ്രവർത്തനം ആരംഭിച്ചു. അങ്കമാലി യൂണിറ്റിലും ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതേ മാതൃകയിൽ പദ്ധതി കഴിയുന്നത്ര എല്ലാ യൂണിറ്റുകളിലും നടപ്പിലാക്കുന്നതിനാണ് ആലോചിക്കുന്നത്.

<u>ഡെസ്റ്റിനേഷൻ നമ്പറിംഗ്</u>

ഭാഷ അറിയാത്ത യാത്രക്കാർക്ക് ബോർഡുകൾ വായിച്ച് മനസ്സിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ഭാഷാ പ്രശ്നമില്ലാതെ അയൽ സംസ്ഥാന യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയുന്ന തരത്തിൽ ഡെസ്റ്റിനേഷൻ ബോർഡുകളിൽ സ്ഥലനാമ (ഡെസ്റ്റിനേഷൻ) നമ്പർ ഉൾപ്പെടുത്തുവാനും ഇവ പൊതുജനങ്ങൾക്ക് എളുപ്പത്തിലും വ്യക്തമായും വായിച്ച് മനസിലാക്കുവാൻ കഴിയുന്ന വിധം ഡെസ്റ്റിനേഷൽ ബോർഡുകൾ പുതുക്കി നൽകുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>യുണീക്ക് ഷെഡ്യൂൾ നമ്പർ</u>

കെ.എസ്.ആർ.ടി.സി.യിലെ എല്ലാ ഷെഡ്യൂളുകൾക്കും പ്രത്യേകമായി നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ കേന്ദ്രീകൃത സംവിധാനത്തിലൂടെ കെ.എസ്.ആർ.ടി.സി. യുടെ ഓരോ ഷെഡ്യൂളുകൾക്കും പ്രത്യേകം പ്രത്യേകം തിരിച്ചറിയുവാൻ കഴിയുന്ന "യുണീക്ക് ഷെഡ്യൂൾ നമ്പർ" നല്കുന്നതിനും ഇതിലൂടെ നൂതന ഇ.റ്റി.എം. സംവിധാനം ഉപയോഗപ്പെടുത്തി ഡാറ്റ പ്രോസസിംഗ്, വിവരം ശേഖരണം എന്നിവ കുറ്റമറ്റതാക്കുന്നതിനും കഴിയും.

<u>ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് സൊല്യൂഷൻ</u>

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിംഗ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് മെഷീനുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും. ബസുകളുടെ തൽസമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും.

<u>സമ്പൂർണ്ണ.ഇ.ആർ.പി. സോഫ്റ്റ്‌വെയർ സംവിധാനം</u>

സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിലൂടെ കോർപ്പറേഷനിൽ കൂടുതൽ കാര്യക്ഷമതയും ഉത്തരവാദിത്തവും സുതാര്യതയും കൈവരിക്കാനാകും.

ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കാനും വിവിധ തലങ്ങളിൽ സൂപ്പർവൈസറി ഓഫീസർമാരുടെ ശരിയായ നിരീക്ഷണ സംവിധാനം വിവിധ തലങ്ങളിൽ നടപ്പിലാക്കാനും കഴിയും.

<u>ഫ്ലീറ്റ്, ഇൻവെന്ററി, മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം.</u>

മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരെ ബസ് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ട്രാക്ക് സൂക്ഷിക്കാൻ സഹായിക്കും.

മതിയായ പ്രതിരോധ അറ്റകുറ്റപ്പണികളും അറ്റകുറ്റപ്പണികളുടെ ശരിയായ റെക്കോർഡും ഇത് ഉറപ്പാക്കും.

ഈ സിസ്റ്റം നടപ്പിലാക്കുമ്പോൾ ബസ്സ് പാർട്സുകളുടെ കൃത്യമായ വിതരണം ഓൺലൈൻ ആയി തന്നെ നടത്തുവാനും നിരീക്ഷിക്കാനും സാധിക്കും.

ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ഊട്ടി, മൈസൂർ, ധനുഷ്കോടി, കോടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർ സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ ആരംഭിക്കുന്നന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

IRCTCയുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നു വരുന്നു.

"കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ്/ ഹോം സ്റ്റേ/ ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിയ്ക്കും അന്തിമ രൂപം നൽകി വരുന്നു.

"കെ.എസ്.ആർ.ടി.സി റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/ റെസ്റ്റോറന്റ് ശൃംഖലകൾ വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം 2024 മേയ് മാസം മുതൽ ആരംഭിച്ചു. സമാന രീതിയിൽ ബി.ടി.സി യ്ക്കായി ഒരു ടൂറിസം വെബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>സി.സി.ടി.വി.</u>

തിരുവനന്തപുരം സെൻട്രൽ, എറണാകുളം, കോഴിക്കോട്, മൂന്നാർ എന്നീ ബസ്സ് ഡിപ്പോകളിലും 14 യാത്രാ ഫ്യുവൽസ് ഔട്ട്ലെറ്റുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചു നിരീക്ഷിച്ചു വരുന്നു.

<u>കെ.എസ്.ആർ.ടി.സി.യിൽ ആധാർ അടിസ്ഥാനമാക്കിയുള്ള ബയോമെട്രിക് (വിരലടയാളം) അറ്റൻഡൻസ് സിസ്റ്റം.</u>

കെ.എസ്.ആർ.ടി.സി.യുടെ എല്ലാ യൂണിറ്റുകൾ (93), സോണൽ ഓഫീസുകൾ (3), വർക്ക്ഷോപ്പുകൾ (5) ടി പദ്ധതി നടപ്പിലാക്കി കഴിഞ്ഞു.

ശമ്പളം കണക്കാക്കുന്നതിനുള്ള SPARK ആപ്ലിക്കേഷനുമായി ഇത് സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

<u>റെന്റൽ മാനേജ്മെന്റ് സിസ്റ്റം</u>

കെ.എസ്.ആർ.സി.യുടെ ടിക്കറ്റ് ഇതര വരുമാനം കൈകാര്യം ചെയ്യുന്ന എസ്റ്റേറ്റ് വിഭാഗത്തിലെ എല്ലാവിധ പണം ഇടപാടുകളും ഓൺലൈൻ വഴി അടയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഓൺലൈൻ സംവിധാനം ആയ റെന്റൽ മാനേജ്മെൻറ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ നടപ്പിലാക്കി കഴിഞ്ഞു.

| | | | |
|---|---|---|---|
| | | | കൊറിയർ സംവിധാനം 47 യൂണിറ്റുകളിൽ നടപ്പിലാക്കി.<br><br>കെ.എസ്.ആർ.ടി.സി.യുടെ കേന്ദ്ര ഓഫീസിലും SWIFT ഓഫീസിലും പൂർണ്ണമായും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി.<br><br><u>ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ.</u><br><br>ടോൾ പ്ലാസകളിൽ ഫാസ്ടാഗിന്റെ ഫീസ് അടയ്ക്കുന്നതിനായി മോട്ടോ ഫ്ലീറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി.ക്കായി ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിയത്.<br><br><u>ഓൺലൈൻ കൺസഷൻ സംവിധാനം</u><br><br>വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ ഡിപ്പോകളിൽ വരാതെ തന്നെ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറാക്കി നടപ്പിൽ വരുത്തിയിട്ടുണ്ട്. "www.concessionksrtc.com" എന്ന വെബ് സൈറ്റിന്റെ ലിങ്ക് കെ.എസ്.ആർ.ടി.സിയുടെ ഔദ്യോഗിക വെബ് സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമാംവിധം ഓൺലൈൻ വഴി ഇനിമുതൽ കൺസഷന് അപേക്ഷിക്കാവുന്നതാണ്.<br><br>ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റത്തിൽ "ഗ്രൂപ്പ് ടിക്കറ്റ് ഓപ്ഷൻ" മുഖേന നാലോ അതിൽ അധികമോ യാത്രക്കാർ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിങ് ചാർജായ 10 രൂപ മാത്രം നൽകിയാൽ മതിയാകും.<br><br>ചലോ ആപ്പ് വഴി യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ മുൻകൂറായി ടിക്കറ്റ് ബുക്ക് ചെയ്യുവാൻ സാധിക്കും. ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് പോകേണ്ട വിവരങ്ങൾ നൽകിയാൽ ടി റൂട്ടിൽ ഓടുന്ന ബസുകൾ ലിസ്റ്റ് ചെയ്യുകയും ടി ലിസ്റ്റിൽ നിന്നും ഓൺലൈനായി ഡിജിറ്റൽ ടിക്കറ്റ് എടുക്കുവാൻ സാധിക്കും. ടി സംവിധാനം വഴി പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ടിക്കറ്റ് പേപ്പറുകളുടെ ഉപയോഗം കുറയ്ക്കുവാനും സാധിക്കും. |

സെക്ഷൻ ഓഫീസർ